**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **02-02-2026 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ വനം വന്യജീവി വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് RKVY പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ ചേപ്പിലക്കോട് മുതൽ പട്ടാണിക്കാട് വരെയുള്ള പ്രദേശത്ത് 5.63 കി.മീ. ദൂരത്തിലും, വലിയതോട് മുതൽ കരുമാത്ര വരെ 3 കി.മീ. ദൂരത്തിലും സോളാർ ഫെൻസിംഗ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>പീച്ചി ഡിവിഷനിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പീച്ചി വന വികാസ ഏജൻസിയുടെ കീഴിൽ കാക്കാനിക്കാട് ഇ.ഡി.സി. മുഖേന വാഴാനി ഡാമിൽ കുട്ടവഞ്ചി സവാരി ആരംഭിച്ചിട്ടുണ്ട്.<br><br>എറണാകുളം സെൻട്രൽ റീജിയണു കീഴിൽ വരുന്ന തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഉൾപ്പെട്ട വടക്കാഞ്ചേരി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തൃശ്ശൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന്റേയും റെയിഞ്ച് ഓഫീസറുടെ ക്വാർട്ടേഴ്സിന്റെയും നിർമ്മാണം NABARD TRANCHE XXIX പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത ഓരോ പ്രസ്തുത പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ? | (ബി) | ഓരോ പ്രസ്തുത പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ചേപ്പിലക്കോട് മുതൽ പട്ടാണിക്കാട് വരെ സോളാർ ഫെൻസിംഗ് നിർമ്മാണം | 18.78 | 5.63 കി.മീ. ദൂരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | വലിയതോട് മുതൽ കരുമാത്ര വരെ സോളാർ ഫെൻസിംഗ് നിർമ്മാണം | 8.3 | 3 കി.മീ. ദൂരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | പീച്ചി വന വികാസ ഏജൻസിയുടെ കീഴിൽ കാക്കാനിക്കാട് ഇ.ഡി.സി. മുഖേന വാഴാനി ഡാമിൽ കുട്ടവഞ്ചി സവാരി | 3.72 | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| 4 | തൃശ്ശൂർ സോഷ്യൽ ഫോറസ്റ്റി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന്റെ നിർമ്മാണം | 60.45 | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| 5 | തൃശ്ശൂർ സോഷ്യൽ ഫോറസ്റ്റി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ക്വാർട്ടേഴ്സ് നിർമ്മാണം | 57.80 | പ്രവൃത്തി പുരോഗമിച്ചുവരുന്നു |